പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3850 — 19/03/2018-ൽ മറുപടിക്ക്

<u>തസ്തിക നഷ്ടപ്പെടുന്ന അദ്ധ്യാപകരെ ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെടുത്തുന്നതിന് നടപടി</u>

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ടി.വി. ഇബ്രാഹിം: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) 2011 – 12 വർഷം മുതൽ സ്കൂളുകളിൽ അധിക തസ്തികകളിൽ നിയമനാംഗീകാരം ലഭിച്ച അദ്ധ്യാപകർക്ക് കുട്ടികളുടെ എണ്ണത്തിൽ കുറവു വന്നാൽ പ്രസ്തുത തസ്തിക നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) ഇത്തരത്തിൽ തസ്തിക നഷ്ടപ്പെടുന്ന അദ്ധ്യാപകരെ ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെടുത്തുന്നുണ്ടോ; വിശദാംശം അറിയിക്കാമോ: | (ബി) ഇല്ല. 2011-12 വർഷം മുതൽ അധിക തസ്തികകളിൽ നിയമനാംഗീകാരം ലഭിച്ച അദ്ധ്യാപകർക്ക് തസ്തിക നഷ്ടപ്പെടുമ്പോൾ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (സി) പ്രസ്തുത അദ്ധ്യാപകരുടെ ജോലി സുരക്ഷ ഉറപ്പുവരുത്താൻ സർക്കാർ ചെയ്യുന്ന കാര്യങ്ങൾ വിശദമാക്കാമോ; | (സി) ഇക്കാര്യം തത്ക്കാലം സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) 2012-13 വർഷമോ അതിന് ശേഷമോ രാജി/ മരണം/റിട്ടയർമെന്റ് എന്നീ ഒഴിവുകളിൽ നിയമിതരായ അദ്ധ്യാപകർക്ക് തസ്തിക ഒഴിവാക്കുന്നത് മൂലം ജോലി നഷ്ടമാകുമോ; വിശദമാക്കാമോ?. | (ഡി) 2012-13, 2014-15 വരെയുള്ള വർഷങ്ങളിൽ രാജി, മരണം, റിട്ടയർമെന്റ് ഒഴിവുകളിൽ നിയമിതരായവർക്ക് പിന്നീടുള്ള വർഷങ്ങളിൽ തസ്തിക നഷ്ടമായാൽ അവരെ സംരക്ഷിക്കും. 2015-16 വർഷം മുതൽ ഏത് ഒഴിവിൽ നിയമിക്കപ്പെട്ടവരായാലും അവർക്ക് സംരക്ഷണത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ